(1)	(2)
9	കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
10	ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
11	കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
12	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
13	സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്
14	കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

154 (539) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം സർക്കാർ നൽകിവരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 (ജനുവരി 2016) വരെയുള്ള കാലയളവിൽ ഏകദേശം 849.50 കോടി രൂപ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി ഈ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതിക വിദ്യ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, മികവുറ്റ ഉല്പാദന സംവിധാനം എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ പരിശോധനകൾക്കുശേഷം റിയാബ് സമർപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതിരേഖ സർക്കാർ വീണ്ടും പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടുകൂടി ധനസഹായം അനുവദിക്കുന്നു.

കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ സംരംഭങ്ങൾ

155 (540) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു:
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. മാത്യു ടി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-കളിൽ കോഴിക്കോട് സർവ്വകലാശാലയുടെ ആവശ്യത്തിന് വേണ്ടി അക്വയർ ചെയ്ത സ്ഥലത്തുനിന്നും 70 ഏക്കർ സ്ഥലം കിൻഫ്ര എങ്ങനെ, ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ; അതിനുവേണ്ടി സ്വീകരിക്കപ്പെട്ട ഭരണപരമായ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് എന്തൊക്കെ വ്യവസായ സംരംഭങ്ങൾ ആരുടെയൊക്കെ ഉടമസ്ഥതയിൽ ആരംഭിച്ചു; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അവിടെ 2.25 ഏക്കർ സ്ഥലം പാട്ടത്തിനു കൊടുക്കാൻ 2-8-2012-ന് കിൻഫ്ര ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ അപ്രകാരം ടെൻഡർ വിളിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആരൊക്കെയാണ് ആ ടെണ്ടറിൽ പങ്കെടുത്തതെന്നും ടെൻഡർ അവാർഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) മലബാർ ഗോൾഡിന് അവിടെ സ്വർണ്ണാഭരണ നിർമ്മാണശാല സ്ഥാപിക്കാൻ സ്ഥലം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം എന്ത് പാട്ട തുകയ്ക്ക് നൽകി എന്ന് വിശദമാക്കാമോ;

(എഫ്) മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരെ സമരം നടന്നുവരുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യം വ്യക്തമാക്കാമോ;

(ജി) സമരക്കാരുമായി സർക്കാർ ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly